**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3384** **04-08-2021 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ നഴ്സുമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 2008 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ വേതനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് വർദ്ധിപ്പിച്ചത്; വ്യക്തമാക്കുമോ; | (എ) | 06.11.2020 ലെ സ.ഉ (സാധാ) നം. 2094/2020/ തസ്വഭവ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 3030/-രൂപ വർദ്ധിപ്പിച്ച് 18030/- രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് ജോലിസ്ഥിരത, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 29.11.2017 ലെ സ.ഉ (സാധാ) നം. 3845/2017/ തസ്വഭവ, 12.12.2017 ലെ സ.ഉ (സാധാ) നം. 4009/2017/തസ്വഭവ ഉത്തരവുകൾ പ്രകാരം 2008 മുതൽ പ്രതിമാസം 3000 രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രോജക്റ്റ് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചു വിടാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഇവർക്ക് മാറിമാറി വരുന്ന തദ്ദേശസ്വയംഭരണ സമിതികളുടെ പിരിച്ചുവിടൽ ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. അപ്രകാരമുള്ള പരാതി ലഭിക്കുന്നുണ്ട്. |
| (ഡി) | കോവിഡ് പശ്ചാത്തലത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് ആനുകൂല്യം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | 07.09.2020 ലെ സ.ഉ (സാധാ) നം. 1615/2020/ തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് കാലത്ത് പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറ് മാസത്തേക്ക് 1000 രൂപ ഇൻസെന്റീവ് അനുവദിച്ചിരുന്നു. 05.10.2020 ലെ സ.ഉ (സാധാ) നം. 1820/2020/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ